പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2061 — 17. 06. 2014 ൽ മറുപടിക്ക്

# മരണപ്പെട്ട കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സഹായം

ചോദ്യം — ഉത്തരം

ശ്രീ. പി. കെ. ഗുരുദാസൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി കരാർ തൊഴിലാളികൾ വൈദ്യുതാഘാതമേറ്റ് മരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; വൈദ്യുതാഘാതമേറ്റ് 2011 ജനുവരി മുതൽ 2014 മെയ് വരെ എത്ര കരാർ തൊഴിലാളികൾ മരണപ്പെട്ടു എന്നറിയിക്കാമോ; | (എ) | ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ സുരക്ഷാ ഉപകരണങ്ങൾ നിർബന്ധമായും ഉപയോഗിക്കണമെന്നും സുരക്ഷാചട്ടങ്ങൾ കൃത്യമായും പാലിക്കണമെന്നും ബോർഡ് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മാറി മാറി വരുന്ന കരാർ തൊഴിലാളികൾ ഇതിനെക്കുറിച്ച് ബോധവാൻമാരാകുന്നില്ല. വേണ്ടത്ര പ്രാവീണ്യമല്ലാത്ത തൊഴിലാളികൾ ജോലിയിൽ ഏർപ്പെടുന്നതും സുരക്ഷാ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമാണ് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നത്.<br><br>2011 ജനുവരി മുതൽ 2014 മെയ് വരെയുള്ള കാലയളവിൽ 37 കരാർ തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചിട്ടുണ്ട് |
| (ബി) | വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായമോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ; ഇല്ലെങ്കിൽ ഇവരുടെ കുടുംബങ്ങളെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ, അപകട മരണമോ സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ/ നഷ്ടപരിഹാരം ബോർഡിൽ നിന്നും നൽകി വരുന്നുണ്ട്. |

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ).

2. ശവസംസ്കാര ചെലവിലേയ്ക്കായി 5000/- രൂപ.

3. മാരകമല്ലാത്ത അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റനസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരം സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാനഷ്ടപരിഹാരം എന്നിവ നല്കി വരുന്നുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികൾക്ക് ജോലിയിൽ അപകടമോ അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. ടി ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്

സെക്ഷൻ ഓഫീസർ